**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 3765 — 15.05.2017 -ൽ മറുപടിയ്ക്ക്

**യു.ജി.സി അദ്ധ്യാപകർക്കുള്ള ശമ്പള കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) യു.ജി.സി അദ്ധ്യാപകർക്കുള്ള ശമ്പള കുടിശ്ശികയുടെ മൂന്നും നാലും ഗഡുക്കൾ എല്ലാ അദ്ധ്യാപകർക്കും നൽകിക്കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ആകെ എത്ര തുക നല്കി എന്ന് വ്യക്തമാക്കുമോ;

(എ) ഉണ്ട്. മൂന്നാം ഗഡു വിതരണം ചെയ്യുന്നതിനായി 250,36,90,224/- രൂപയും നാലാം ഗഡു വിതരണം ചെയ്യുന്നതിനായി 201, 62,70,558/- രൂപയും റിലീസ് ചെയ്യുവാനാണ് അനുമതി നൽകിയത്.

(ബി) പ്രസ്തുത ശമ്പള കുടിശ്ശിക നൽകുന്നതിന് കേന്ദ്രം എന്തു തുക കൈമാറി എന്നും ആയത് എന്ന് ലഭിച്ചു എന്നും വെളിപ്പെടുത്തുമോ;

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗഡു | റിലീസ് ചെയ്ത തുക (രൂപയിൽ) | നാളിതുവരെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക (രൂപയിൽ) | കേന്ദ്ര സർക്കാർ റിലീസ് തീയതി |
|---|---|---|---|
| 1 | 314,08,68,936/- | 251,26,95,149/- | 13.11.2014 |
| 2 | 232,47,57,984/- | 185,98,06,387/- | 02.06.2016 |
| 3 &4 | 451,99,60,782/- | 111,17,00,009/- | 01.02.2017 & 31.03.2017 |

(സി) സർക്കാർ/എയ്ഡഡ് മേഖലയിലെ കുറച്ച് അദ്ധ്യാപകർക്ക് മാത്രമേ തുക നൽകിയിട്ടുള്ളൂ എന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവേചനരഹിതമായി അർഹരായ എല്ലാ അദ്ധ്യാപകർക്കും ശമ്പളക്കുടിശ്ശിക വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

(സി) & (ഡി) പരീക്ഷാ പേപ്പറുകളുടെ മൂല്യനിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട് അനധികൃതമായി സർവ്വകലാശാലകൾ അദ്ധ്യാപകർക്ക് നൽകിയ തുക സംബന്ധിച്ച് ഓഡിറ്റ് ഒബ്ജക്ഷൻ ഉള്ളതിനാൽ ആയത് തിരിച്ചു പിടിക്കുന്നതിലേക്കായി നാലാം ഗഡു കുടിശ്ശിക തുകയുടെ 20 ശതമാനം തടഞ്ഞുവയ്ക്കുവാനും ഉത്തരവായിരുന്നു. ഇത്തരത്തിൽ തിരിച്ചുപിടിക്കേണ്ട തുക കണക്കുകൂട്ടി ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ 21.12.2016 മുതൽക്ക് മൂന്നു മാസത്തെ സമയപരിധിയാണ് നൽകിയിരുന്നത്. എന്നാൽ ഒരു സർവകലാശാലയും ഇത് പൂർത്തിയാക്കിയിട്ടില്ല. കൂടാതെ ശമ്പളക്കുടിശ്ശിക തുക 'SPARK' പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് ഉള്ളത് ആയതിനാൽ 'Manual Bill' സമർപ്പിക്കുന്ന ചില പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാങ്കേതിക കാരണങ്ങളാൽ ശമ്പളകുടിശ്ശിക വിതരണത്തിൽ ചില തടസ്സങ്ങളുണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**